## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1680 — 14. 07. 2016 ൽ മറുപടിക്ക്

### മീറ്റർ സ്ഥാപിക്കാത്തയിടങ്ങളിൽ വഴിവിളക്കുകളുടെ മീറ്റർവിലയായി അടച്ച തുകയ്ക്ക് പലിശ നല്കാൻ നടപടി.

ചോദ്യം — ഉത്തരം

ശ്രീ.ആർ.രാമചന്ദ്രൻ — ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള വഴിവിളക്കുകളിൽ ഉപയോഗിക്കുന്ന വൈദ്യുതി അളക്കുന്നതിന് പ്രത്യേക മീറ്റർ സ്ഥാപിക്കുന്നുണ്ടോ; ബോർഡ്, മീറ്റർ വില ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഈടാക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (എ), തെരുവ് വിളക്കുകൾ മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറാൻ പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരത്തിലുള്ള മീറ്ററിംഗ് സംവിധാനം 16.11.2012 വരെയോ അതിനു മുമ്പിലുള്ള തീയതിയിലോ സ്ഥാപിച്ചാൽ ആയതിനുള്ള ചെലവിന്റെ 50% കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഹിക്കും ഈ സമയപരിധി പിന്നീട് 31.12.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.<br>മീറ്ററിംഗ് സംവിധാനം ഉൾപ്പെടുന്ന street light controller-കൾ സ്ഥാപിക്കേണ്ടത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്.<br>R-APDRP സ്കീമുകൾ പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ ഈ സ്കീമിലുൾപ്പെടുത്തിയും സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര തദ്ദേശസ്ഥാപനങ്ങൾ മീറ്റർ സ്ഥാപിക്കുന്നതിന് പണം അടച്ചു; എത്ര സ്ഥാപനങ്ങളു-ടെ പ്രദേശത്ത് മീറ്റർ സ്ഥാപിച്ചു കഴിഞ്ഞു; വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് 619 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മീറ്റർ സ്ഥാപിക്കുന്നതിന് പണം അടച്ചിട്ടുണ്ട്. 285 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രദേശത്ത് മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) ഈ തുക അടച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മീറ്റർ സ്ഥാപിക്കാത്ത പ്രദേശങ്ങളി-ലെ തദ്ദേശസ്ഥാപനങ്ങൾക്ക് തുക അടച്ചതു മുതൽ മീറ്റർ സ്ഥാപിക്കുന്നതുവരെയുള്ള കാലത്തെ പലിശ നൽകുമോ; വ്യക്തമാക്കുമോ? | (സി) മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ street light controller സ്ഥാപിക്കുന്നതിന് ചെലവാകുന്ന രൂപയുടെ പകുതി മാത്രമേ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിരുന്നുള്ളൂ. അതുകൊണ്ട് തന്നെ പലിശ നൽകാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ